**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 232

20.06.12ൽ മറുപടിയ്ക്ക്

**ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ. എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ. പി.ബി.അബ്ദുൾ റസാക്ക്<br>ശ്രീ. സി.മോയിൻകുട്ടി | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സ്വകാര്യ, പൊതുമേഖലകളുടെ പങ്കാളിത്തത്തോടെ പ്രാദേശിക ടൂറിസം വികസനം, വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പാക്കൽ, വിനോദ സഞ്ചാര ക്ളബ്ബുകളുടെ ഏകോപനം, ഹോം സ്റ്റേകളുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കൽ, സർക്കാരിന്റെ ടൂറിസം നയത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ നടപ്പാക്കി വരുന്നു. |
| (ബി) | ടൂറിസം പ്രമോഷൻ കൗൺസിലുകൾ കണ്ടെത്തി വികസിപ്പിച്ച നിരവധി കേന്ദ്രങ്ങൾ പ്രവർത്തന വൈകല്യം മൂലം നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാമ്പത്തിക കുറവുകൊണ്ട് ചില അവശ്യഘടകങ്ങൾ ലഭ്യമാക്കുന്നതിൽ സംഭവിച്ച കാലതാമസം പരിഹരിച്ചു വരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം സംബന്ധിച്ച പഠനം നടത്തുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയും. |
| (സി) | ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനത്തിലെ ന്യൂനതകൾ പരിഹരിക്കുന്നതിനും കെടുകാര്യസ്ഥതയ്ക്കുമെതിരെ നടപടി സ്വീകരിക്കുമോ? | (സി) | പദ്ധതികളുടെ നടത്തിപ്പ് അവലോകനം കൃത്യമായ ഇടവേളകളിൽ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കി വരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കുവാനുള്ള പ്രവർത്തനങ്ങൾ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഡി.റ്റി.പി.സികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. DTPCകൾ പുനഃസംഘടിപ്പിക്കുവാനും മികവുറ്റ പ്രവർത്തന പാരമ്പര്യമുള്ളവരെ DTPCകളുടെ സെക്രട്ടറിമാരായി നിയമിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ